# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/TVM/GP8/1683/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/TVM/GP8/1683/2021 തീയ്യതി: 03/12/2021

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-05-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2021 | 17-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 17-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതാകുമാരി .എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.വാലന്റീന .എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ. എം.എൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.വിനോദ് എസ്, സീ.ഗ്രേഡ് ഓഡിറ്റർ (09.09.2021 മുതൽ 15.09.2021 വരെ)

ശ്രീ.ശരത് ജെ. ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഡീന.എസ് | പ്രസിഡന്റ് | 01-04-2019 | 01-03-2020 |
| ശ്രീ.ഫൈസൽ. എ.എസ് | സെക്രട്ടറി | 01-04-2019 | 11-12-2019 |
| ശ്രീമതി.അജില യു.എസ് | സെക്രട്ടറി | 12-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രകാശൻ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-08-2019 |
| ശ്രീ.വിനോദ് കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-08-2019 | 31-03-2020 |
| ശ്രീമതി.അനുരാജൻ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.അനോൾഡ് ദീപക് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.രാജശേഖരൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 14-07-2019 |
| ഡോ.ശിവകുമാർ.ബി.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 15-07-2019 | 31-03-2020 |
| ഡോ.സുനിൽ കുമാർ.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 04-06-2019 |
| ഡോ.ബിനു.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 05-06-2019 | 31-03-2020 |
| ശ്രീ.സൈജു | വി.ഇ.ഓ -I | 01-04-2019 | 31-03-2020 |
| ശ്രീ.മനോജ് | വി.ഇ.ഓ -II | 01-04-2019 | 31-03-2020 |
| ഡോ.ആശാരാജ് | വെറ്റിനറി സർജൻ | 01-04-2019 | 18-08-2019 |
| ഡോ.ജയകൃഷ്ണൻ | വെറ്റിനറി സർജൻ | 19-08-2019 | 31-03-2020 |
| ശ്രീമതി.മഞ്ജു. എസ് | ഫിഷറീസ് ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ജയലത | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.രേഖ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുസ്മിത കെ.എസ് | ഡയറി ഫാം ഇൻസ്ട്രകടർ | 01-04-2019 | 04-09-2019 |
| ശ്രീ.പ്രഭുലാൽ ആർ.എസ് | ഡയറി ഫാം ഇൻസ്ട്രകടർ | 05-09-2019 | 12-01-2020 |
| ശ്രീമതി.ബീന പി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീവിദ്യ എസ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Lekha.M.L (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-11-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha.M.L (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lekha.M.L (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Lekha.M.L (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 15-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-11-2021) | 1-9 |
| 10 | കെട്ടിട നമ്പർ നൽകൽ - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-10 |
| 11 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-11 |
| 12 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: K Sreeja (Deputy Director, On 03-12-2021) | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-14 |
| 15 | മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്-അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-15 |
| 16 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-16 |

| | | |
|---|---|---|
| 17 | വാടക ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-17 |
| 18 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-18 |
| 19 | ജൈവ പച്ചക്കറിക്ക്യഷി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-19 |
| 20 | കിഴങ്ങുകൃഷി വികസനം, ഇടവിള കൃഷി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-20 |
| 21 | ജലശ്രീ കിണർ റീ ചാർജ്ജിംഗ്- പദ്ധതി ആസൂത്രണത്തിൽ അപാകത<br>Written By: Sarath J Sankar (Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-21 |
| 22 | രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല- തുക 1923/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 03-12-2021) | 1-22 |
| 23 | മത്സ്യ ബന്ധന വള്ളവും വലയും നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-23 |
| 24 | മത്സ്യത്തൊഴിലാളികളുടെ വീട് വാസയോഗ്യമാക്കൽ - കെട്ടിടങ്ങളുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-24 |
| 25 | മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 3019/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lekha.M.L (Senior Grade Auditor, On 29-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-25 |
| 26 | വിതരണം ചെയ്യാതെ അവശേഷിക്കുന്ന മരുന്നുകൾ കാലഹരണപ്പെട്ടു .<br>Written By: Lekha.M.L (Senior Grade Auditor, On 02-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-26 |
| 27 | തൊഴിലുറപ്പ് പദ്ധതി- ആസ്തി നിർമ്മാണ പദ്ധതികളുടെ തുടർനടപടികൾ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-27 |
| 28 | മിത്രം ഭവന പദ്ധതി -പലിശ അടച്ചതിൽ പൊരുത്തക്കേട് നിലനില്ക്കുന്നു.<br>Written By: Lekha.M.L (Senior Grade Auditor, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-28 |
| 29 | MLAഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് അസറ്റു രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Lathakumari M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-29 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. | 1-30 |

| | | |
|---|---|---|
| | Written By: Lathakumari M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | |
| 31 | സേവനപുസ്തക പരിശോധന.<br>Written By: Lathakumari M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-31 |
| 32 | ട്രൈസ്കൂട്ടറുകൾ-കമ്മിറ്റി തീരുമാനം നടപ്പിലായില്ല<br>Written By: Lathakumari M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-32 |
| 33 | പ്രവൃത്തികൾ ഭാഗികമായി നിർവഹിക്കുന്ന/കരാറിൽ ഏർപ്പെട്ടിട്ടും പ്രവൃത്തി നിർവഹിക്കാത്ത കരാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-33 |
| 34 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-34 |
| 35 | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി റിവൈസ് ചെയ്യുന്നു<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-35 |
| 36 | സ്പിൽ ഓവർ പദ്ധതികൾ - നടപ്പിലാക്കുന്നില്ല<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-36 |
| 37 | ആരോഗ്യ ഭവനം പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല – ചെലവ് 3,42,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-37 |
| 38 | പാലിയേറ്റീവ് പ്രവർത്തനം - പോരായ്മകൾ<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-38 |
| 39 | വ്യക്തിഗത കക്കൂസ് നിർമാണം - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ - ചെലവ് 1,44,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-39 |
| 40 | വീട് വാസയോഗ്യമാക്കൽ - കാലപ്പഴക്കം പരിഗണിക്കാതെ ആനുകൂല്യം നൽകി<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-40 |
| 41 | തെരുവുനായ്ക്കളുടെ വന്ധ്യംകരണം - രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക 1,05,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 18-11-2021) | 1-41 |
| 42 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വനിത, ജനറൽ - വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല – തുക 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: VALANTEENA.M (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 1-42 |
| 43 | താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഈടാക്കിയതിൽ 5,73,245/- രൂപ തിരികെ കിട്ടാൻ | 1-43 |

| | | |
|---|---|---|
| | അവശേഷിക്കുന്നു.<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | |
| 44 | ഒരാൾ ഒരേസമയം ഒന്നിൽ കൂടുതൽ രസീതു ബുക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കണം<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 1-44 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Sarath J Sankar (Auditor, On 25-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 26-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Sarath J Sankar (Auditor, On 25-09-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha.M.L (Senior Grade Auditor, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 03-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 25-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 27-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 23.02.2019 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 248907551/- രൂപ വരവും 239786300/-രൂപ ചെലവും നീക്കിയിരിപ്പ് 9121251/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.05.2020 | -- | -- |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കാനറ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് ക്ളോസിംഗ് ബാലൻസ് RP 40 B പ്രകാരം 12034275/-രൂപയാണ്. ബാങ്ക് ബുക്ക് പ്രകാരം ക്ളോസിഗ് ബാലൻസ് 12035275/- രൂപയാണ്.

2. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള MNREGS വരവ്, ചെലവ് തുകകൾ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം-

| വാർഷിക ധനകാര്യ പത്രിക പ്രകാരം | | ക്യാഷ്ബുക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9771.75 | 9772.69 |
| വരവ് | 1158829 | 2049948 |
| ആകെ | 1168600.75 | 2059720.69 |
| ചെലവ് | 806214 | 1597333 |
| നീക്കിയിരിപ്പ് | 462386.75 | 462387.69 |

3. സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം 67, പ്രോജക്ട് നം 72 എന്നീ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ 4- ൽ തുടങ്ങുന്ന ഹെഡിൽ ഉൾപ്പെടുത്തി കാണുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

4. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത തുകകൾ വരവ് വന്നതിന്റെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

5. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

6.ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20 ൽ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2020 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ് , വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2020 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

7)ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത അപാകം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം29, തീയതി24.9.21 )അപാകതകൾ പരിശോധിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15398085.87 |
| വരവ് | 73549197.00 |
| ആകെ | 88947282.87 |
| ചെലവ് | 72367480.00 |
| നീക്കിയിരിപ്പ് | 16579802.87 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ആകെ അലോട്ട്മെന്റ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | വരവ് | ആകെ | ചെലവ്* | ക്യൂ ബിൽ തുക | നീക്കിയിരിപ്പ് /ലാപ്സ് ആയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20056000 | 20056000 (17951227+ 2104773) | 20056000 | 16791257 (14686484+ 2104773) | 288756 | 2975987 | 83.72 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13094000 | 13094000 (12946941+ 147059) | 13094000 | 8450306 (8303247+ 147059) | 1664592 | 2979102 | 64.53 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7664500 | 7664500 | 7664500 | 4405424 | 2034497 | 1224579 | 57.47 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11819000 | 11819000 | 11819000 | 3907668 | 3025714 | 4885518 | 33.06 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5776000 | 5776000 | 5776000 | 2243904 | 0 | 3532096 | 38.84 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 275 | - | | 275 | 0 | 0 | 275 | |
| റ്റി എസ് സി | 5596311 | - | 192000 | 5788311 | 300000 | 0 | 5488311 | |
| ഐ.സി.ഡി.എസ് | 1465948 | - | 1078663 | | 600000 | 0 | 1944611 | |
| എൻ.ആർ.ഇ .ജി.എസ് | 9771.75 | - | 1158829 | 1168600.75 | 806214 | 0 | 462386.75 | |
| എസ്.എസ്.എ | 683767 | - | 21729 | 705496 | - | - | 705496 | |

*ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. അനിവാര്യ മേഖലകളിൽ ഗ്രാന്റുകൾ വകയിരുത്തൽ, ചെലവഴിക്കൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം നിരീക്ഷിക്കേണ്ടതും തുക ലാപ്സാകാതെ ഫലപ്രദമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 231 | 122455022 | 98 | 49528209 | 20 | 103 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9771.75 | 1158829 | 1168600.75 | 806214 | 462386.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34575000 | 34575000 | 34575000 | 0 |
| ആകെ | 9771.75 | 35733829 | 35743600.75 | 35381214 | 462386.75 |

വാർഷിക ധനകാര്യ പത്രിക പ്രകരമുള്ള വരവ് ചെലവ് കണക്കുകളാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എം.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് 9772.69 രൂപയും വരവ് 2049948/- രൂപയും ചെലവ് 1597333/- രൂപയും നീക്കിയിരിപ്പ് 462387.69 രൂപയുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 244560 | 298 |
| കർഷകതൊഴിലാളി പെൻഷൻ | 167400 | 42 |
| വിധവാപെൻഷൻ | 5628600 | 900 |
| വാർദ്ധക്യകാലപെൻഷൻ | 974460 | 2681 |
| വികലാംഗപെൻഷൻ | 153600 | 417 |
| വിവാഹധനസഹായം | 420000 | 14 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 235800 | 50 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2021, 3.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49675/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസായ വസ്തുനികുതിയുടെ നിർണയത്തിൽ അപാകതകൾ നിലനിൽക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച കെട്ടിടങ്ങളെ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ലൈസൻസ് ഫീസ് നിർണയത്തിലും സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് ഫീസ് ഈടാക്കേണ്ടതുണ്ട്.

2. അസറ്റ് രജിസ്റ്റർ കാലികമായി പരിപാലിക്കുന്നില്ല.

3. മരാമത്തു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല.
മേൽ അപാകങ്ങളുടെ വിശദാംശം വിവിധ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുണ്ട്.

## 1-10 കെട്ടിട നമ്പർ നൽകൽ - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ആദ്യ 50 ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ ഉപയോഗക്രമം | അപാകതകൾ |
|---|---|---|---|
| 1 | A4-4458/19 26.06.2019 | 2/276 A പാർപ്പിടം, വാണിജ്യം | ബിൽഡിംഗ് പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണം 220.98 ച.മീറ്ററും (പെർമിറ്റ് നം.Aa4-Ba(235229)/2018തീ.20.08.18)പൂർത്തീകരണ പ്ലാൻ പ്രകാരം വിസ്തീർണം 234.52 ച.മീ ആണ്. എന്നാൽ കെട്ടിടത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടില്ല.പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പാർപ്പിടാവശ്യത്തിനുള്ള ഭാഗത്തിന്റെ വിസ്തീർണം 214.06 ച.മീറ്ററും വാണിജ്യാവശ്യത്തിനുള്ള ഭാഗത്തിന്റെ വിസ്തീർണം 20.46 ച.മീറ്ററുമാണ്. എന്നാൽ കെട്ടിടത്തിന്റെ പാർപ്പിടാവശ്യത്തിനുള്ള ഭാഗത്തിന് മാത്രമാണ് നമ്പർ നൽകി നികുതി ഈടാക്കിയിട്ടുള്ളത്. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം വസ്തു നികുതി നിർണയിക്കുമ്പോൾ കെട്ടിട ഉടമകൾ സെക്രട്ടറി മുൻപാകെ ഫാറം നമ്പർ2 സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, വസ്തു നികുതി നിർണ്ണയം നടത്തി ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നമ്പറിംഗ് ഫയലുകളിൽ ഫാറം 2,6 എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.കെട്ടിടത്തിന്റെ ഒറ്റത്തവണ നികുതി ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല (1975 ലെ കേരള കെട്ടിട നികുതി നിയമം) ഓവർസിയർ സമർപ്പിച്ച റിപ്പോർട്ടിൽ പെർമിറ്റ് പ്രകാരമുള്ള കെട്ടിടം പൂർത്തീകരിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | A4-3701/19 .12.06.2019 | 6/862 A പാർപ്പിടം | 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള ഫാറം നം 2,6 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 6/862 നമ്പർ കെട്ടിടത്തിന് 104.98 ച.മീ വിസ്തീർണമുണ്ട്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 95 ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല(1975 ലെ കേരള കെട്ടിട നികുതി നിയമം). ഓവർസിയർ സമർപ്പിച്ച റിപ്പോർട്ടിൽ പെർമിറ്റ് പ്രകാരമുള്ള കെട്ടിടം പൂർത്തീകരിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 3 | A4-1380/19 25.02.2019 | 10/175 U/A പാർപ്പിടം | ഫാറം നം 2,6 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.പെർമിറ്റ് കൂടാതെയുള്ള റഗുലറൈസേഷന് വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അനധികൃത കെട്ടിടമായതിനാൽ U/A നമ്പർ നൽകി നികുതി ഈടാക്കാൻ സെക്രട്ടറി |

| | | | |
|---|---|---|---|
| | | | നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ തുടർ നടപടികളും രേഖപ്പെടുത്തിയിട്ടില്ല. |
| 4 | A4-1082/19 .25.04.19 | VII/127 B പാർപ്പിടം | ഫോം 2,6 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രൊപ്പോസ്ഡ് ബിൽഡിംഗ് പ്ലാൻ, പൂർത്തീകരണ പ്ലാൻ എന്നിവയുടെ വിവരം പ്ലാനിൽ വ്യക്തമാക്കിയിട്ടില്ല. ബിൽഡിംഗ്/ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 7/127 നമ്പർ കെട്ടിടത്തിന് 97.12 ച.മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 236 ച.മീ വിസ്തീർണമുണ്ട്. |
| 5 | A4-3359/19 19.06.2019 | VII/353 B,C പാർപ്പിടം | 405.5 ച.മീറ്റർ വിസ്തീർണമുള്ള മേൽ കെട്ടിടത്തിന്റെ കെട്ടിട നികുതി/ആഡംബര നികുതി ഈടാക്കിയതിന്റെ രേഖകകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല(1975 ലെ കേരള കെട്ടിട നികുതി നിയമം). കെട്ടിടത്തിന്റെ വിവരങ്ങൾ ഉൾപ്പെട്ട ഫാം 6 സൂക്ഷിച്ചിട്ടില്ല. കെട്ടിടത്തിൽ എയർ കണ്ടീഷനിംഗ് സൗകര്യം സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ പരാമർശമില്ല. |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 33/28.09.2021,39/29.09.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - അപാകങ്ങൾ

**1)റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.**

2019-20 വർഷത്തെ സാംഖ്യ രസീതുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിലെ കളക്ഷനിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Ward No | Door No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 9 | 462 | ബി.പ്രസന്നൻ(പ്രസന്നൻ നിവാസ്) | 700538 | 0 | 119070100421 | 04/05/2019 | 2019 | 112 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/13.09.2021 ന് മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**2)വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തി**

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 4/540 A | എൻ. വിജയൻ | ഷോപ്പ് | 145 $M^2$ |
| 2 | 4/540 A1 | | ഷോപ്പ് | 146 $M^2$ |
| 3 | 4/540 B | | ഷോപ്പ് | 134.32$m^2$ |
| 4 | 6/963 A | തുളസി | ഷോപ്പ് | 103.67$m^2$ |

100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയായിരിക്കെ 40/- രൂപ നിരക്കിലാണ് മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/13.09.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല**

സഞ്ചയ സോഫ്റ്റ്വെയറിൽ 1,3,6എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/85 A | വി. ചന്ദ്രൻ | പാർപ്പിടം | 94.6 $M^2$ |
| 2 | 1/361 A | കേശവൻ | പാർപ്പിടം | 162 $M^2$ |
| 3 | 1/414 | പ്രേം ചന്ദ് | പാർപ്പിടം | 184.72 $M^2$ |
| 4 | 1/543 | ചന്ദ്രൻ പിള്ള | പാർപ്പിടം | 95.9 $M^2$ |
| 5 | 3/65 | സുകുമാരൻ നായർ | പാർപ്പിടം | 239 $M^2$ |
| 6 | 3/154 | ശാരദ | പാർപ്പിടം | 107 $M^2$ |
| 7 | 6/774 | ബാലൻ | പാർപ്പിടം | 188.1 $M^2$ |
| 8 | 6/777 | ശിവനാഥൻ | പാർപ്പിടം | 109.02 $M^2$ |
| 9 | 6/740 | ബാലകൃഷ്ണപിള്ള | പാർപ്പിടം | 103.18 $M^2$ |
| 10 | 6/716 | അംബിക | പാർപ്പിടം | 101.37 $M^2$ |

**B)നികുതി ഡിമാന്റ് നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു**

സഞ്ചയ സോഫ്റ്റ് വെയറിൽ 6,7,15,16 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 16/123 | കൃഷ്ണകുമാർ | പാർപ്പിടം | 246 $M^2$ | 7580/- |
| 2 | 6/774 | ബാലൻ | പാർപ്പിടം | 188.1 $M^2$ | 6186/- |

| | | | | | |
|---|---|---|---|---|---|
| 3 | 7/285 | ഷീജ പ്രകാശ് | പാർപ്പിടം | 235 $M^2$ | 5792/- |
| 4 | 7/101 | രാജേന്ദ്രൻ | പാർപ്പിടം | 200 $M^2$ | 4380/- |
| 5 | 15/59 | സുപ്രിയാനോസ് | പാർപ്പിടം | 78 $M^2$ | 1338/- |

**C)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പത്താം വാർഡിലെ ആദ്യ 100 കെട്ടിടങ്ങളും പതിനഞ്ചാം വാർഡിലെ ആദ്യ 70 കെട്ടിടങ്ങളും മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് -X | | | വാർഡ് -XV | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 5 | 5 | 1 | 17 | 17 | 1 |
| 8 | 8 | 1 | 22 | 22 | 1 |
| 16 | 16 | 1 | 31 | 32 | 2 |
| 25 | 25 | 1 | 36 | 36 | 1 |
| 30 | 30 | 1 | 40 | 40 | 1 |
| 32 | 33 | 2 | 47 | 48 | 2 |
| 35 | 35 | 1 | 58 | 58 | 1 |
| 62 | 62 | 1 | 60 | 60 | 1 |
| 66 | 66 | 1 | 70 | 70 | 1 |
| **Total** | | **10** | **Total** | | **11** |

**D)അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നില്ല** ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം(U/A രജിസ്റ്റർ) പ്രകാരമുള്ള മുഴവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05,06,09/13.09.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**4)ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 19/158 | അനിൽകുമാർ.എൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 $M^2$ | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 8/476 | കുഞ്ഞൻ | | 30 $M^2$ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 8/476 | കുഞ്ഞൻ | | 30 $M^2$ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/13.09.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**5)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത**

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഇളവ് നൽകുന്നു. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**A)നടപടി ക്രമങ്ങൾ പാലിക്കാതെ നികുതി ഇളവ് അനുവദിച്ചു**

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 1,4 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 1/239 | എ. അജയകുമാർ(വൈഷ്ണവം,മണ്ണാത്തി മൂല) |
| 2 | 1/315 | വിശ്വംഭരൻ ആശാരി(വാസുദേവ വിലാസം) |
| 3 | 1/372 | രഘുനാഥൻ(ഭാസുരം,മേൽകടയ്ക്കാവൂർ) |
| 4 | 1/414 | എം. എസ്. പ്രേംചന്ദ്(ആനന്ദ സൗദം) |
| 5 | 4/57 | റാണി.പി(ബി.പി.മന്ദിരം,ആല്ത്തറമൂട് |
| 6 | 4/110 | ബി.അനിൽ(കാരിബായി,ചിറയിൻകീഴ് |
| 7 | 4/131 | വി. രമാദേവി(മംഗലത്തു ഹൗസ്) |
| 8 | 4/140 | സി. ശശി(മേലേമഠം) |
| 9 | 4/252 | വസന്തകുമാരി(കിഴക്കുംപുറം) |
| 10 | 4/305 | ജയേദവൻ നായർ(കാരുവിളാകം) |
| 11 | 4/356 | ജയകുമാരി(മഠത്തുവിളാകം) |
| 12 | 4/398 | ഹരിബാബു(ലേഖ,പാലവിള പണ്ടകശാല) |

**B)കെട്ടിടങ്ങളുടെ നികുതി ഇളവ് കാലാവധിക്കു ശേഷം നികുതി പുനർ നിർണയിച്ചില്ല**

താഴെപ്പറയുന്ന കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിന് മുൻപ് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട് . എന്നാൽ പ്രസ്തുത കാലയളവുകൾക്ക് ശേഷം കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| വാർഡ്/ കെട്ടിട നം | പേര് | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 7/766 | വി.പി.ചന്ദ്രശേഖരൻ | $124m^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/13.09.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**6)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത**

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു**

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഇളവ് കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 11/114 A | ബഷീർ, കൊട്ടുത്തിട്ട |
| | 11/114 B | |
| 2 | 11/94 A | റുക്കിയ ഉമ്മാൾ,കൊന്ന വിളാകം |
| | 11/94 B | |
| 3 | 13/151 | സുനിജ, എം.എസ് നിവാസ് |
| | 13/150 A | |
| 4 | 5/178 A | എം.എം ബഷീർ, പുളിമൂട് പുത്തൻ വീട് |
| | 5/179 A | |
| | 5/180 A | |
| 5 | 8/79 A | ജി. സുകുമാരൻ, രാജമ്മ നിവാസ് |
| | 8/89 A | |
| | 8/99 A | |
| 6 | 6/276 | ശിവ പ്രസാദ്, ശിവ മംഗലം |
| | 6/276 B | |

**B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല**

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 1 | 20 | A | അഷറഫ്(കോണത്തുവിളവീട്,മേൽകടക്കാവൂർ, | 32.82 |
| 2 | 1 | 579 | A | ബിനു(ചരുവിള വീട്,മേൽകടക്കാവൂർ, | 35.67 |
| 3 | 3 | 293 | A | ഉഷ(കല്ലിത്തോട്ടം,മേൽകടക്കാവൂര് | 39.69 |
| 4 | 8 | 397 | F | ഗോപിനാഥൻ(താഴ് വിളാകത്ത് വീട്,അഴൂർ, | 17.33 |
| 5 | 9 | 510 | B | രമാദേവി(കൊച്ചുപണവീട്,മഞ്ചാടിമൂട്,ആറടിപാത, | 39 |
| 6 | 9 | 555 | B | ഷൈലാബീവി(കാവിന്റമൂലവീട്,കടകം, | 33.96 |
| 7 | 10 | 233 | A | ഷാമില(തെരുവിൽതൈവിളാകം,ഒറ്റപ്പന, | 40.88 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/13.09.2021 ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**7)പൊളിച്ച മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ച നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം./അപേക്ഷ തീയതി | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | A5-/25.03.2019 | 6/970 | പി.മുഹമ്മദ്അലി | വാണിജ്യ കെട്ടിടം | 106.4 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 16350/- |
| 2 | A5/865/2020/17/03/2020 | 8/461/A | ഗംഗാധരൻ | വാണിജ്യ കെട്ടിടം | 45 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 5709/- |
| 3 | A4/9624/19715.03.19 | 4/1054 A | രാജേന്ദ്രൻ | പാർപ്പിടം | 226.1 $M^2$ | 2014 ഒന്നാം അർദ്ധവർഷം മുതൽ | 6965/- |
| 4 | A9/13/01/2020 | 7/718 A3 | രേണുക ദേവി | വാണിജ്യ കെട്ടിടം | 6.8 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 2394/- |
| 5 | A6/2066/20/24.03.2020 | 11/275 | എസ് ഇക്ബാൽ | വാണിജ്യ കെട്ടിടം | 10$m^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1596/- |
| 6 | A5/19-.03.2019 | 6/969 | പി.മുഹമ്മദ്സഹീർ | വാണിജ്യ | | 2013 ഒന്നാം | 2676/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | കെട്ടിടം | 106.4 $M^2$ | അർദ്ധവർഷം മുതൽ | |
| 7 | Demolish_VnL_5024301000 6589/31.03.20 | 6/410 B | സലീം | വാണിജ്യ കെട്ടിടം | 20 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1942/- |

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ അപേക്ഷകളും ,ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/13.09.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**8)സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു**

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FACTEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി.എസ്.)എ.9-764/2019 നം. കത്ത് പ്രകാരം മേൽ തുകകൾ ഈടാക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/14.09.2021 ന് മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.16/14.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്തിൽ ജോലി ചെയ്യുകയും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയിട്ടില്ലാ എന്നതും ഉറപ്പാക്കി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017

പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളുടെ അന്വേഷണ റിപ്പോർട്ടിൽ ഫീസ് നിർണയത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2019-20 വർഷത്തെ ഫീസ് ഈടാക്കിയതിന്റെ കണക്കുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/20.09.2021ന് മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശാനുസരണം ഫീസ് ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 മാർക്കറ്റ് ഗേറ്റ് ഫീ പിരിവ്-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ലക്ഷ്മീപുരം പബ്ലിക് മാർക്കറ്റിൽ 2019-20 വർഷം ഗ്രാമപഞ്ചായത്ത് നേരിട്ടാണ് ഗേറ്റ് ഫീ പിരിച്ചത്. മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനായി നിശ്ചയിച്ച ഇനം തിരിച്ചുള്ള നിരക്കും, നിരക്ക് നിർണയിച്ചതിന്റെ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് നടത്തിയ രസീതുകളിൽ ഇനം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3)മാർക്കറ്റ് രസീത് കളക്ഷൻ രജിസ്റ്ററിൽ, രസീത് നമ്പർ ക്രമത്തിൽ ഓരോ ദിവസവും പിരിച്ചെടുത്ത തുക രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ തുക ഒടുക്കിയ സാംഖ്യ രസീതുകളിൽ മാർക്കറ്റ് രസീതുകളുടെ നമ്പരുകൾ കൃത്യമായും രേഖപ്പെടുത്തുന്നില്ല. ഇത് സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിയുന്നില്ല എന്നതിനുദാഹരണമാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/17.09.2021 ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രസീതുകളും അനുബന്ധ രേഖകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-16 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270,271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷന്) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമനം | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | സോഫിയ നജീം | ദിയ ഡയഗ്നോസ്റ്റിക് ലബോറട്ടറി |
| 2 | അജു | നിഖിൽ പോളിക്ലിനിക് ലാബ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/20.09.2019 ന് ലഭിച്ച മറുപടിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിന്ന നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 വാടക ഈടാക്കിയിട്ടില്ല

ശ്രീമതി അംബിക, തൊടിയിൽ വീട്, ചിറയിൻകീഴ് എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളിൽ നിന്നും 2019-20 സാമ്പത്തിക വർഷം വാടക ഈടാക്കാനുണ്ട്.

| സ്റ്റാൾ നം | കാലയളവ് | വാടക തുക |
|---|---|---|
| 7 ശാർക്കര ഗ്രൂപ്പ് | 08/2019 മുതൽ 03/2020 വരെ | 918x8= 7344+ Gst |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/15.09.2021 ന് ലഭിച്ച മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 949 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 32 വളർത്തു നായകൾക്ക് മാത്രമാണ് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/17.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ജൈവ പച്ചക്കറിക്കൃഷി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO056/20 |
| പ്രോജക്ടിന്റെ പേര് | ജൈവ പച്ചക്കറിക്കൃഷി (ഗ്രൂപ്പുകൾക്ക്) |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1,54,800/- (വി.ഫ-130800/- ഗു.വി -24000/-) |
| ചെലവ് | 1,54,800/- |
| ബിൽ നം/ചെക്ക് നം | 10/18.01.20(90000/-),11/18.01.20(40800/-)<br>18.12.19(24000/-) |

കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത കുറഞ്ഞത് 5 അംഗങ്ങൾ ഉള്ള കാർഷിക ഗ്രൂപ്പുകൾ മുഖേന ഗ്രാമപഞ്ചായത്തിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം പച്ചക്കറി തൈകളും ജൈവവളവും വാങ്ങി നൽകുകയും (ജൈവവളത്തിന്റെ 25% ഗുണഭോക്തൃ വിഹിതം) കൂലിച്ചെലവ് സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട്മായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)മേൽ പ്രോജക്ട്, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വനിത ഘടക പദ്ധതിയായാണ് അംഗീകാരം ലഭിച്ചത്. എന്നാൽ 136 അംഗങ്ങളുള്ള പ്രോജക്ടിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 78 ഗുണഭോക്താക്കളും (17 പുരുഷൻമാർ ഉൾപ്പെടെ)വ്യക്തികളാണ്.

2)കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത, കുറഞ്ഞത് 5 അംഗങ്ങൾ ഉള്ള കാർഷിക ഗ്രൂപ്പുകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം നൽകേണ്ടത്. എന്നാൽ ഗുണഭോക്താവായ ശ്രീകൃഷ്ണ ജെ.എൽ.സി(കേളിശ്വരം) സമർപ്പിച്ച അപേക്ഷ പ്രകാരം പ്രസ്തുത ഗ്രൂപ്പിൽ നാല് അംഗങ്ങൾ മാത്രമാണ് ഉള്ളത്.

3)കൃഷിയുടെ കൂലിച്ചെലവ് ഇനത്തിൽ 40800/- രൂപ സബ്സിഡിയായി ചെലവഴിച്ചിട്ടുണ്ട്.(ബിൽ നം.10/18.01.2020). എന്നാൽ തുക കൈമാറിയ 30 ഗ്രൂപ്പുകളിൽ 17 ഗ്രൂപ്പുകളിലെയും അംഗങ്ങളുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് തുക അനുവദിച്ചു നൽകിയിരിക്കുന്നത് .

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ( നം.01/10.09.21)അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചകൾ കാരണമാണ് ഗുണഭോക്തൃ ലിസ്റ്റിൽ മേൽ അപാകത സംഭവിച്ചത്. പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവഹണ

ഉദ്യോഗസ്ഥനും വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സബ്സിഡി വിഹിതം കുടുംബശ്രീ ഗ്രൂപ്പ് അക്കൗണ്ടിൽ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കിഴങ്ങുകൃഷി വികസനം, ഇടവിള കൃഷി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

I)

| | |
|---|---|
| പ്രോജക്റ്റ് നം | SO266/20 |
| പ്രോജക്റ്റിന്റെ പേര് | കിഴങ്ങുകൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 127500/-114375/-(വി.ഫ),13125(ഗു.വി) |
| ചെലവ് | 13125/-(ചെക്ക്നം 5162845/05.03.20) |

150 കർഷകർക്ക് ഇഞ്ചി, മഞ്ഞൾ, ചേന,ചേമ്പ്, കാച്ചിൽ എന്നീ ഇനങ്ങൾ ഉൾപ്പെടുന്ന കിറ്റും ജൈവവളവും വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്റ്റ് പ്രകാരം 2019-20 വർഷം 13125/-രൂപ കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് പ്രകാരം കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ വ്യക്തമാക്കി കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന് നൽകിയ പർച്ചേസ് ഓർഡർ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രിയലിൽ നിന്നും ലഭ്യമായ ഇൻവോയിസിൽ കിറ്റിൽ ഉൾപ്പെട്ട ഇനങ്ങൾ വ്യക്തമാക്കിയിട്ടില്ല.(ഇൻനം.X-1148/19-20). ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയത് രേഖപ്പെടുത്തിയ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിലും കിറ്റിലെ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2)ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീത് ബുക്കിൽ(ബുക്ക് നം.20265) തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ വിഹിതം ഒടുക്കിയ രസീതിന്റെ അസൽ സൂക്ഷിക്കുന്നതിന് പകരം പകർപ്പാണ് രസീത് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളത്. തുക നൽകിയ ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്താതെ ആകെ ഗുണഭോക്തൃ വിഹിതം ഒറ്റ രസീതിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം കളക്ഷൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

II)

| | |
|---|---|
| പ്രോജക്റ്റ് നം | SO053/20 |
| പ്രോജക്റ്റിന്റെ പേര് | ഇടവിള കൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 170000/-(152500വി.ഫ),17500(ഗു.വി) |
| ചെലവ് | 170000/-ബിൽ നം.02,/19.10.19(152500)<br>ചെക്ക് നം.5001694/23.10.19(17500) |

150 കർഷകർക്ക് ഇഞ്ചി, മഞ്ഞൾ, ചേന,ചേമ്പ്, കാച്ചിൽ എന്നീ ഇനങ്ങൾ ഉൾപ്പെടുന്ന കിറ്റും ജൈവവളവും വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്റ്റ് പ്രകാരം 170000/-രൂപ കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ വ്യക്തമാക്കി കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന് നൽകിയ പർച്ചേസ് ഓർഡർ, പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രിയലിൽ നിന്നും ലഭ്യമായ ഇൻവോയിസിൽ കിറ്റിൽ ഉൾപ്പെട്ട ഇനങ്ങൾ വ്യക്തമാക്കിയിട്ടില്ല.(ഇൻനം.X-392/19-20/15.10.19).ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിലും കിറ്റിലെ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2)പദ്ധതി പ്രകാരം തുക നൽകിയ ഗുണഭോക്താക്കളുടെ വിവരം രസീതിൽ രേഖപ്പെടുത്താതെ ഒറ്റ രസീതിൽ ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ (നം.01/10.09.21)അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പർച്ചേസ് ഓർഡറിൽ ഇനങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങളുടെ വിവരങ്ങൾ

കൃത്യമായും പരിശോധിക്കേണ്ടതുമാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ജലശ്രീ കിണർ റീ ചാർജ്ജിംഗ്- പദ്ധതി ആസൂത്രണത്തിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം | SO051/20 |
| പ്രോജക്റ്റിന്റെ പേര് | ജലശ്രീ-കിണർ റീ ചാർജ്ജിംഗ് |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 400000/-(180000വി.ഫ, 72000ബ്ലോ.പ,108000 ജി.പ,40000 ഗു.വി) |
| ചെലവ് | 7200/-(3600വി.ഫ, 1440ബ്ലോ.പ,2160 ജി.പ,) |

ഗ്രാമപഞ്ചായത്തിലെ 50 ജലസേചന കിണറുകളിൽ ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്റ്റിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 43 ഗുണഭോക്താക്കളാണ് ഉള്ളത്. എന്നാൽ പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ.ബാബു.ജെ. (ശ്രീ.സരസ്സ്, ചിറയിൻകീഴ്) എന്ന വ്യക്തിക്ക് മാത്രമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ( നം.01/10.09.21) അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ വ്യക്തികൾ പദ്ധതി നടത്തുന്നതിന് താല്പര്യം പ്രകടിപ്പിക്കാത്തതിനാലാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം അനുവദിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിലെയും ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ വീഴ്ചകൾ കാരണമാണ് മേൽ അപാകത സംഭവിച്ചത്. പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല- തുക 1923/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | SO 22 /20, ആയുർവേദ ആശുപത്രിക്ക് വാടക, ഇലക്ട്രിസിറ്റി ചാർജ്ജ്, മറ്റ് അനുബന്ധ ചെലവുകൾ. |
| വകയിരുത്തൽ | 90,000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 89,932/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം 89,932/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 13,634/-(ബിൽ നം 1/19-20, Dated 27.6.19) രൂപയുടെ ബിൽ പരിശോധിച്ചപ്പോൾ അതിൽ 1,923/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20,16.9.21) രേഖകൾ കണ്ടെത്താൻ സാധിച്ചില്ല എന്ന് മറുപടി നല്കി. ആയതിനാൽ ചെലവ് തുക 1,923/-രൂപ നിരാകരിക്കുന്നു. ചെലവ് രേഖകൾ കണ്ടെത്താൻ സാധിക്കാത്ത പക്ഷം തുക തിരിച്ചടയ്ക്കേണ്ടതാണ്.

## 1-23 മത്സ്യ ബന്ധന വള്ളവും വലയും നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | SO027/20 |
| പ്രോജക്റ്റിന്റെ പേര് | മത്സ്യ ബന്ധന വള്ളവും വലയും |
| നിർവഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| അടങ്കൽ | 10,80,000/- (വി.ഫ-540000/- ഗു.വി -540000/-) |
| ചെലവ് | 6,29,730/- (270000+359730) |

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധന വള്ളവും വലയും വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. അംഗീകൃത പ്രോജക്റ്റ് പ്രകാരം 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവുമാണ് പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവും എന്ന നിരക്കിലാണ് പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുള്ളത്. എന്നാൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച ശേഷം പ്രോജക്ട് റിവൈസ് ചെയ്യാതെ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാന പ്രകാരം 75% സബ്സിഡി നിരക്ക് അനുവദിച്ചു. പ്രോജക്ട് രൂപീകരണ വേളയിൽ സബ്സിഡി അനുബന്ധ ഉത്തരവുകൾ പ്രകാരമുള്ള 75% സബ്സിഡി തുക വകയിരുത്താതെയാണ് അംഗീകൃത പ്രോജക്ടിൽ നിന്നു വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയത്.

2)മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധന വള്ളവും വലയും വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തതും മാർഗ രേഖ പ്രകാരമുള്ള സബ്സിഡി നിശ്ചയിച്ചിട്ടുള്ളതും. എന്നാൽ വള്ളം മാത്രം വാങ്ങുന്നതിന് നൽകിയ ടെൻഡർ നോട്ടീസിൽ മുഴുവൻ പ്രോജക്ട് തുകയും വകയിരുത്തിയാണ് ടെൻഡർ സ്വീകരിച്ചത്. കൂടാതെ പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് വല വാങ്ങി നൽകിയിട്ടില്ല.

3)സബ്സിഡി മാർഗരേഖ പ്രകാരം(ജി.ഒ.നം.22/2018/തസ്വഭവ തീ.14.02.2018) മേൽ പ്രോജക്ട് നടപ്പാക്കുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ വല വാങ്ങി നൽകേണ്ടതാണ്. വല നേരിട്ട് വാങ്ങിയതിന്റെ രേഖകളായി ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ളത് വലയുടെ എസ്റ്റിമേറ്റ് തുകയാണ്(ഉദാ.ശ്രീ.പ്രിജി,ശ്രീ.ജോണി ജോയ്)കൂടാതെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള മുൻഗണന ക്രമത്തിലല്ല ആനുകൂല്യം നൽകിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ( നം.28/24.09.21) പദ്ധതി നടപ്പിലാക്കിശേഷമാണ് സബ്സിഡി അനുബന്ധ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടതെന്നും അതിൻ പ്രകാരമാണ് തുക അനുവദിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് വ്യത്യസ്ഥ സ്പെസിഫിക്കേഷനിലുള്ള വലകൾ ആവശ്യമുള്ളതിനാലാണ് പ്രോജക്ട് പ്രകാരം വല വാങ്ങി നൽകാതിരുന്നതെന്നും അറയിച്ചിട്ടുണ്ട്. . പദ്ധതി രൂപീകരണത്തിലെ അപാകതമൂലമാണ് പ്രോജക്ടിൽ മേൽ അപാകത സംഭവിച്ചത്. പ്രോജക്ട് രൂപീകരണ വേളയിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നരീതിയിൽ പ്രോജക്ട് രൂപീകരിക്കേണ്ടതും സബ്സിഡി മാർഗരേഖയും അനുബന്ധ ഉത്തരവുകളും കൃത്യമായും പാലിച്ച് പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മത്സ്യത്തൊഴിലാളികളുടെ വീട് വാസയോഗ്യമാക്കൽ - കെട്ടിടങ്ങളുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | S0026/20 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ വീട് വാസയോഗ്യമാക്കൽ |
| നിർവഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| അടങ്കൽ | 6,00,000/-(വി.ഫ.) |
| ചെലവ് | 6,00,000/- |
| ബിൽ നം./തീ | 01/18.10.19(250000),02/20.01.20(250000)<br>03/08.02.20(50000),06/29.02.20(50000) |

മത്സ്യത്തൊഴിലാളികളുടെ വീട് വാസയോഗ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പുതിയ വീട് നിർമ്മിച്ച് എട്ട് വർഷം പൂർത്തിയായവർക്കാണ് അർഹത. മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ താമസ സാക്ഷ്യപത്രത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

| ക്രമ നം | കെട്ടിട നം | ഗുണഭോക്താവ് | അപാകത |
|---|---|---|---|
| 1 | XII/139/UA | താഹ, താഹമൻസിൽ | സഞ്ചയ സോഫ്ററ് വെയറിൽ യിൽ കെട്ടിടത്തിന്റെ വിവരം ഉൾപ്പെട്ടിട്ടില്ല. U/A രജിസ്റ്റർ പ്രകാരം കെട്ടിട നികുതി നിർണയിച്ചത് 20.01.2015(8 വർഷം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടില്ല) |
| 2 | XI/209(UA) | സക്കീർ, തോപ്പിൽ വീട് | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ വിവരം ഉൾപ്പെട്ടിട്ടില്ല. U/A രജിസ്റ്റർ പ്രകാരം കെട്ടിട ഉടമയുടെ പേര് നജീബ് എം.എച്ച് & ബുഷ്റ.കെട്ടിട നികുതി നിർണയിച്ചത് 07.01.2013(8 വർഷം പൂർത്തീകരിച്ചിട്ടില്ല) |
| 3 | XI/24 UA | നവാസ്, തെരുവിൽ പുറമ്പോക്ക് | സഞ്ചയ സോഫ്ററ് വെയറിലും U/A രജിസ്റ്ററിലും കെട്ടിടത്തിന്റെ വിവരം ഉൾപ്പെട്ടിട്ടില്ല |
| 4 | XII/152 | നമി, വലിയ വിളാകം | സഞ്ചയ സോഫ്ററ് വെയറിൽ കെട്ടിട ഉടമയുടെ പേര് സൈനബ ബീവി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല( നം.28/24.09.21) .മേൽ വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ താമസ സാക്ഷ്യപത്രത്തിന് അടിസ്ഥാനമാക്കിയ രേഖകളുടെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 3019/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | SO 258/20,<br>ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ. |
| വകയിരുത്തൽ | 75,000/- (മെയിന്റനൻസ് ഫണ്ട്. |
| ചെലവ് | 38,975/- |
| ബിൽ നം തീയതി | 9/16.12.19, 5471/-<br>10/20.01.20, 27014/-<br>12/20.01.20, 6490/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം 38975/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5471/- രൂപ ചുവടെ ചേർക്കുന്ന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ കാരുണ്യ മെഡിക്കൽ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഐറ്റം | എണ്ണം | വില (GST ഉൾപ്പെടെ) |
|---|---|---|---|
| 1 | BP Apparatus | 1 | 1264.68 |
| 2 | Stethescope | 1 | 348.08 |
| 3 | IR Lamp | 1 | 858.22 |
| 4 | Stadiometer | 1 | 650.46 |
| 5 | Weighing Machine | 1 | 1913.56 |
| 6 | Examination Torch | 1 | 92.97 |

| | | | |
|---|---|---|---|
| 7 | Thermometer | 1 | 80.64 |

ഹാൻഡിലിംഗ് ചാർജ്ജ് 222.45

ഹാൻഡിലിംഗ് ചാർജ്ജ് GST 40.04

ആകെ തുക 5471/-

മേൽ ഉപകരണങ്ങളിൽ Stethescope, Weighing Machine, Examination Torch എന്നിവ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ലഭിച്ചിട്ടില്ല. പ്രസ്തുത ഉപകരണങ്ങൾ സപ്ളൈ ചെയ്തപ്പോൾ വിലയിൽ വ്യത്യാസം ഉണ്ടായി. മൂന്ന് ഉപകരണങ്ങൾക്കും കൂടി 2452/- രൂപയാണ് വിലയായിട്ടുള്ളത്. ബാക്കി 3019/- രൂപയുടെ സാധനങ്ങൾ ഇനിയും ലഭിക്കാനുണ്ട്. സാധനങ്ങൾ ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17, 15.9.21) കാരുണ്യ മെഡിക്കൽ കോർപ്പറേഷന്റെ ഭാഗത്തു നിന്ന് സംഭവിച്ച പാകപ്പിഴയാണെന്നും, സാധനങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നല്കിയതായി മറുപടി നല്കിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ അവയ്ക്കു വേണ്ടി ചെലവഴിച്ച 3019/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 വിതരണം ചെയ്യാതെ അവശേഷിക്കുന്ന മരുന്നുകൾ കാലഹരണപ്പെട്ടു.

| | |
|---|---|
| പ്രോജക്റ്റ് നം | SO 23 /20, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | 5,00,000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 5,00,000/- |
| ബിൽ നം തീയതി | 7/19-20, 28.11.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 500000/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ലഭിച്ച മരുന്നുകളിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നവയിൽ ചുവടെ ചേർക്കുന്ന മരുന്നുകൾ ഉപയോഗയോഗ്യമായ കാലയളവ് കഴിഞ്ഞവയാണ്. വിശദവിവരം

| ക്രമ നം | മരുന്നിന്റെ പേര് | ബാച്ച് നം | കാലാവധി | അവശേഷിക്കുന്ന മരുന്നിന്റെ അളവ് | വില |
|---|---|---|---|---|---|
| 1 | ഗന്ധർവഹസ്താദി തൈലം | T161933<br>T161913 | 1/2021<br>7/2021 | 14<br>5 | 223 |
| 2 | ഹിംഗു ത്രിഗുണം | T671910 | 9/2021 | 10 | 235 |
| 3 | നാല്പാമരാദികേരം | T251828 | 6/2021 | 30 | 162 |
| 4 | ഇന്ദുകാന്തംചൂർണ്ണം | TG1191 | 4/2021 | 3 | 230 |
| 5 | ഷഡ്ഫലഘൃതം | G23181 | 1/2021<br>4/2021 | 7<br>23 | 92 |
| 6 | താലീസ്പത്രാദി ചൂർണ്ണം | G23191<br>C101914 | 7/2021 | 50 | 22 |

മരുന്നുകൾ കാലാവധി കഴിയും മുൻപ് വിതരണം ചെയ്യാത്തതിനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം21, 17.09.21)സ്ഥാപനത്തിൽ പൊതുവേ ചികിത്സ തേടി വരുന്നവരുടെ എണ്ണം കുറവായതിനാലും കോവിഡ് സാഹചര്യം കാരണവും മരുന്ന് യഥാസമയം വിതരണം ചെയ്യാൻ പറ്റാതായി എന്നും ഔഷധിയുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തപ്പോൾ കാലഹരണപ്പെട്ട മരുന്നുകൾ മാറ്റി നല്കാം എന്ന് അറിയിച്ചതായി മറുപടി നല്കി. കൂടാതെ മുൻ വർഷങ്ങളിലേത് ഉൾപ്പെടെ ധാരാളം മരുന്നുകൾ വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.

ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും അതോടൊപ്പം ആവശ്യകത നിർണ്ണയിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കി അതിനായി ഫണ്ട് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതി- ആസ്തി നിർമ്മാണ പദ്ധതികളുടെ തുടർനടപടികൾ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി നിയമം, 2005, ഖണ്ഡിക 6-1-10 ൽ ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി തയ്യാറാക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടി ക്രമങ്ങൾ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളുടെ തുടർ നടപടികളുടെ ഭാഗമായി ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചിട്ടില്ല. വിശദ വിവരം-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പ്രവർത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | ബിന്ദു, ആലയിൽ വീട് | തൊഴുത്ത് നിർമ്മാണം | 96020 |
| 2 | സുപ്രഭ,സിന്ധുനിവാസ് | തൊഴുത്ത് നിർമ്മാണം | 129350 |
| 3 | ബിന്ദു,മുമ്മൂലയിൽ വീട് | തൊഴുത്ത് നിർമ്മാണം | 136820 |
| 4 | സിന്ധു,ആർ എസ് നിവാസ് | തൊഴുത്ത് നിർമ്മാണം | 109930 |
| 5 | രാധിക,അയന്തിയിൽ വീട് | തൊഴുത്ത് നിർമ്മാണം | 136820 |
| 6 | വിനിത,അവിട്ടം | തൊഴുത്ത് നിർമ്മാണം | 129620 |
| 7 | താര,കല്ലുകുഴിവയലിൽ വീട് | തൊഴുത്ത് നിർമ്മാണം | 228700 |
| 8 | ഭാസുരാംഗി | തൊഴുത്ത് നിർമ്മാണം | 136820 |
| 9 | ബേബി,പുതുവൽ വീട് | തൊഴുത്ത് നിർമ്മാണം | 135710 |
| 10 | ശ്രീലത,പുതുവൽ വീട് | തൊഴുത്ത് നിർമ്മാണം | 104700 |
| 11 | തങ്കം,വയലിൽ വീട് | തൊഴുത്ത് നിർമ്മാണം | 96020 |
| 12 | സിന്ധുരാജ്,ഷൈൻ നിവാസ് | തൊഴുത്ത് നിർമ്മാണം | 135710 |
| 13 | അസീന,തേരങ്ങാട് വീട് | തൊഴുത്ത് നിർമ്മാണം | 111150 |
| 14 | വിനോദിനി,വയലിൽ വീട് | തൊഴുത്ത് നിർമ്മാണം | 117350 |
| 15 | ബിജി,ശാർക്കരാലയം | തൊഴുത്ത് നിർമ്മാണം | 129350 |
| 16 | ബീന രാജീവ്,ആർ എസ് ഭവൻ | തൊഴുത്ത് നിർമ്മാണം | 142070 |
| 17 | ഷെർളി,ശ്രീനന്ദനം | തൊഴുത്ത് നിർമ്മാണം | 129350 |
| 18 | ഉഷ,തിട്ടയിൽ വീട് | ആട്ടിൻകൂട് നിർമ്മാണം | 45200 |
| 19 | മായാംബിക | ആട്ടിൻകൂട് നിർമ്മാണം | 49140 |
| 20 | സിംല | കോഴിക്കൂട് നിർമ്മാണം | 39960 |
| 21 | മിനി | കോഴിക്കൂട് നിർമ്മാണം | 36560 |
| 22 | അംബിക, ഉരുവടിയിൽ വീട് | കോഴിക്കൂട് നിർമ്മാണം | 29120 |
| 23 | സുനിത, പുതുവൽ വീട് | കോഴിക്കൂട് നിർമ്മാണം | 34770 |

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 42, 1-10-21) കോവിഡ് കാലമായതിനാൽ ഗ്രാമസഭകൾ കൂടാൻ കഴിയാതെ വന്നതിനാൽ ഗുണഭോക്താക്കളെ അംഗീകരിക്കാൻ കഴിയാതെ പോയി എന്നും അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകരിക്കാൻ നടപടി സ്വീകരിക്കും എന്ന് അറിയിച്ചു.

## 1-28 മിത്രം ഭവന പദ്ധതി -പലിശ അടച്ചതിൽ പൊരുത്തക്കേട് നിലനില്ക്കുന്നു.

മിത്രം ഭവന പദ്ധതിയുടെ ലോൺ രജിസ്റ്ററിൽ ലോൺ പലിശ അനുവദനീയമായതിലും കൂടുതലായി അടച്ചതായി കാണുന്നു.വിശദവിവരം-

| തീയതി | അടയ്ക്കേണ്ട ലോൺ തുക | പലിശ കണക്കാക്കേണ്ട കാലയളവ് | പലിശ കണക്കാക്കിയ കാലയളവ് | യഥാർത്ഥ ദിവസം | പലിശ കണക്കാക്കിയ ദിവസം | യഥാർത്ഥ പലിശ (പലിശ നിരക്ക് 10%) | 01.07.2018 വരെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന പലിശ | കണക്കാക്കി അടച്ച ആകെ പലിശ | അധികമായി അടച്ച പലിശ |
|---|---|---|---|---|---|---|---|---|---|
| 31.3.19 | 14500000 | 1.7.18 To 31.1.19 | 24.6.18 T0 31.3.19 | 274 | 281 | 1088493 | 429954 | 1662963* | 144516 |

2019-20 ലും 2020-21 ലും 20,00,000/- രൂപ വീതം വായ്പ മുതൽ തുക തിരിച്ചടച്ചതായി രജിസ്റ്ററിൽ രേഖപ്പെചടുത്തിയിരിക്കുന്നു. ഈ കാലയളവിൽ പലിശ കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പലിശ അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

2018-19 ൽ അടയ്ക്കാൻ ഉണ്ടായിരുന്ന പലിശയേക്കാൾ അധിക തുക അടയ്ക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38, 29.9.21) ബാങ്കുമായി ബന്ധപ്പെട്ട് വിവരങ്ങൾ അറിഞ്ഞശേഷം ഈ വിഷയത്തിൽ വ്യക്തത നല്കുന്നതാണ് എന്ന് അറിയിച്ചു. (*ലോൺ രജിസ്റ്ററിൽ 281 ദിവസത്തേക്ക് 12,51,369/- രൂപ പലിശ കണക്കാക്കിയിരിക്കുന്നു. അതോടൊപ്പം ലോൺ രജിസ്റ്റർ പ്രകാരം അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന 4,29,954/- രൂപ പലിശ കൂടി ചേർത്ത് ആകെ 16,81,323/- രൂപ കണക്കാക്കി രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ 16,62,963/- രൂപ തിരിച്ചടച്ചതായും ബാക്കി 18,360/- രൂപ പലിശ അടയ്ക്കാൻ ഉള്ളതായും തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.)

പലിശ കണക്കാക്കിയതിൽ വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 MLAഫണ്ട് വിനിയോഗിച്ച് വാങ്ങിയ ആംബുലൻസ് അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന് MLAഫണ്ടിൽ നിന്ന് അനുവദിച്ച് കിട്ടിയ ആംബുലൻസ്, ഉചിതമായ കരാർ ചമച്ച ശേഷം മെഡിക്കൽ ഓഫീസർ (PHC) ക്ക് കൈമാറാൻ സെക്രട്ടറി 27/3/20ൽ A1-8082/19 നം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം വച്ച കരാറും, ടി ആംബുലൻസ്, അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം14/14.09.21). മറുപടി നൽകിയില്ല.

## 1-30 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യ പത്രം, നിർവ്വഹണ ഏജൻസികളുമായി ഒപ്പുവച്ച കരാർ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഓഡിറ്റ് എൻക്വയറിക്ക്നം. 12

A,

| ക്രമ നം. | പ്രോജക്റ്റ് നം | നിർവ്വഹണ ഏജൻസി. | തുക. | ബിൽ നം |
|---|---|---|---|---|
| 1 | 156/19-20,പൈപ്പ് ലൈൻ നീട്ടൽ | KWA | 65080 | 26/23-1-20 |
| 2 | 235/19-20, ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റൽ | KSEB | 54136 | 35/29-5-18 |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## 1-31 സേവനപുസ്തക പരിശോധന.

പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ ജി. വിനോദിന്റെ സേവനപുസ്തക പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.30-12-2000 ൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ സേവനപുസ്തകം നാളിതു വരെ ഓഡിറ്റിനു വിധേയമാക്കിയിട്ടില്ല.

2.18/4/15 നാണ് ടിയാൻ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയി സേവനത്തിൽ പ്രവേശിച്ചത്. അതിനു ശേഷമുള്ള ടിയാന്റെ ശമ്പളം, സ്കെയിൽ തുടങ്ങിയ വിവരങ്ങൾ സേവനപുസ്തകത്തിൽ (കോളം 1 മുതൽ 8 വരെ) രേഖപ്പെടുത്തിയിട്ടില്ല. ഇടയ്ക്ക് ടിയാൻ വീണ്ടും എൽ.ഡി.സി.ആയി തരം താഴ്ത്തപ്പെട്ടുവെങ്കിലും, ആയതിന്റെ വിശദാംശം ലഭ്യമല്ല.

3.ടിയാൻ ഇപ്പോഴും 2004 Pay Revision പ്രകാരമുള്ള ശമ്പളസ്കെയിലിൽ തുടരുന്നു.

4.നിലവിൽ ടിയാന് ഒന്നര വർഷമായി ലീവിൽ തുടരുകയാണെങ്കിലും,ആയതിന്റെ വിശദാംശം സേവനപുസ്തകത്തിൽ ലഭ്യമല്ല.

ടിയാന്റെ ശമ്പളം, ലീവ് എന്നിവ ക്രമീകരിച്ച് സേവനപുസ്തകം പൂർണ്ണമായ രേഖപ്പെടുത്തൽ വരുത്തിയ ശേഷം ആയത് ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്.

## 1-32 ട്രൈസ്കൂട്ടറുകൾ-കമ്മിറ്റി തീരുമാനം നടപ്പിലായില്ല

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ മൂന്ന് ട്രൈസ്കൂട്ടറുകൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ അവശേഷിക്കുന്നതിനെപ്പറ്റി 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ചിരുന്നു.

ടി സ്കൂട്ടറുകൾ നാളിതു വരെ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ടി വാഹനങ്ങളുടെ താത്കാലിക രജിസ്ട്രേഷൻ റദ്ദു ചെയ്താൽ മാത്രമേ പുതിയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനാകൂ എന്നതിനാൽ, പഴയ ഗുണഭോക്താക്കളോട് 200/- രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കാൻ നിർദ്ദേശിച്ച് 28-2-20ൽ ജനറൽ കമ്മിറ്റി തീരുമാനം(നം1) എടുത്തുവെങ്കിലും, ആയതു നാളിതു വരെ നടപ്പിലായിട്ടില്ല. സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം37/29.09.21) മറുപടി നൽകിയില്ല. കമ്മിറ്റി തീരുമാനം എത്രയും വേഗം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 പ്രവൃത്തികൾ ഭാഗികമായി നിർവഹിക്കുന്ന/കരാറിൽ ഏർപ്പെട്ടിട്ടും പ്രവൃത്തി നിർവഹിക്കാത്ത കരാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഭാഗികമായി നിർവഹിക്കുകയോ കരാറിൽ ഏർപ്പെട്ടിട്ടും ആരംഭിക്കുകയോ ചെയ്യാത്തതാണ്. അത്തരം പ്രവൃത്തി നിർവഹണം നടത്തുന്ന കരാറുകാർക്കെതിരെ കേരള പൊതുമരാമത്ത് മാന്വൽ അനുശാസിക്കുംപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നില്ല.

1. ശാർക്കര പണ്ടകശാല റോഡ് ബാക്കിഭാഗം പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്ട് നം. | (SO 171/20) |
| വകയിരുത്തൽ | 5,00,000/- (മെയിന്റനൻസ് റോഡ്) |
| ചെലവ് തുക | 4,01,059/- (ബിൽ നം.4/14-5-19)പാർട്ട് പേമെന്റ്<br>(First And Part Payment)<br>റിടെൻഷൻ തുക 10,026/-രൂപ |
| എം ബുക്ക് നം | 23/18-19 |
| എഗ്രിമെന്റ് | 25/AE/LSGD/CKL Dated 17-9-2018 |
| കരാറുകാരൻ | ജോജി. ജെ.എസ്. |

മേൽ പ്രവൃത്തി നിർവഹണം നടത്തിയ കരാറുകാരനായ ജോജി.ജെ.എസ് ന് പാർട്ട് പേമെന്റാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയിലെ ആകെയുള്ള 9 ഇനങ്ങളിൽ ക്രമ നം. 3, 4, 5, 6 ഇനങ്ങൾ ഓട വൃത്തിയാക്കലുമായി ബന്ധപ്പെട്ട പ്രവൃത്തിയാണ്. പ്രസ്തുത ഇനങ്ങൾ കരാറുകാരൻ നിർവഹിച്ചിട്ടില്ല.

കരാറുകാരൻ നിർവഹിച്ച പ്രവൃത്തിയിൽ 265 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്തതിൽ രണ്ടിടങ്ങളിലായി 40 മീറ്റർ നീളം കേടുപാടുകൾ സംഭവിച്ചതിനാൽ എത്രയും വേഗം പരിഹരിക്കണമെന്നും എസ്റ്റിമേറ്റ് പ്രകാരം നിർവഹിക്കാനുള്ള ഓട വൃത്തിയാക്കൽ പ്രവൃത്തി മഴക്കാലം മുൻപ് ചെയ്ത് തീർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 16-7-2019 ലും 4-11-2019 ലും അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് കത്ത് നൽകിയതായും പരിശോധനയിൽ കണ്ടു.

2. കിഴക്കേതിട്ട ബാലവാടി ഓടനിർമാണം

| | |
|---|---|
| പ്രോജക്റ്റ് നം. | (SO 170/20) |
| വകയിരുത്തൽ | 9,59,000/-(മെയിന്റനൻസ് റോഡ്) |
| ചെലവ് തുക | 5,13,483/- (ബിൽനം.5/14-5-19)<br>(First And Part Payment) റിടെൻഷൻ 12837/- |
| എം ബുക്ക് നം | 36/18-19 |
| എഗ്രിമെന്റ് | 38AE/LSGD/CKL/ 18-19 Dated 19-11-18 |
| കരാറുകാരൻ | ജോൺസന്റ് |

എസ്റ്റിമേറ്റ് പ്രകാരം 230 മീറ്റർ നീളത്തിലായിരുന്നു ഓട നിർമിക്കേണ്ടിയിരുന്നത്. എന്നാൽ 25-3-2019 ൽ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് എടുത്തപ്പോൾ 91.75 മീറ്റർ മാത്രം നീളം ഉണ്ടായിരുന്നതിനാൽ പാർട്ട്പേമെന്റാണ് അനുവദിച്ചത്. തുടർന്ന് ഓടയുടെ ബാക്കിഭാഗം പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥ കരാറുകാരന് 15-7-19 ലും 19-11-19 ലും കത്ത് നൽകിയെങ്കിലും മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

3. പഴഞ്ചിറ ഡാമിൽ ഷട്ടർ നിർമാണം

| | |
|---|---|
| പ്രോജക്റ്റ് നം. | (SO 178/20) |
| വകയിരുത്തൽ | 2,00,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 1,48,756/- (ബിൽനം.10/14-5-1) പാർട്ട് പേമെന്റ്<br>റിടെൻഷൻ 3,719/-രൂപ |
| എം ബുക്ക് നം | 49/18-19 |
| എഗ്രിമെന്റ് | 44/AE/LSGD/CKL Dated 19-12-2017 |
| കരാറുകാരൻ | ഡിജു |

2017-18 ൽ എഗ്രിമെന്റ് വച്ച മേൽ പ്രവൃത്തിയുടെ കരാറുകാരനായ ഡിജുവിന് 2019-20 ൽ പാർട്ട് പേമെന്റാണ് നൽകിയിട്ടുള്ളത്. 2020-21 ൽ പ്രസ്തുത പ്രവൃത്തി സ്പിൽ ഓവറായി നടപ്പാക്കിയിട്ടുമില്ല.

4. ചോറ്റത്തിൽ ഇടവഴി ഇന്റർലോക്കിംഗ്

| | |
|---|---|
| പ്രോജക്റ്റ് നം. | (SO 70/20) |
| വകയിരുത്തൽ | 4,10,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | |

| | |
|---|---|
| ചെലവ് തുക | 2,61,279/- (ബിൽനം.34/28-12-19) (First And Part Payment)<br>റിടെൻഷൻ 5,832/-രൂപ |
| എം ബുക്ക് നം | 39/19-20 |
| എഗ്രിമെന്റ് | 7/AE/LSGD/CKL/ 19-20 Dated 18-09-19 |
| കരാറുകാരൻ | സതീഷ് കുമാർ |

മേൽ പ്രവ്യത്തിയുടെ കരാറുകാരനായ സതീഷ് കുമാറിന് പാർട്ട് പേമെന്റാണ് നൽകിയിട്ടുള്ളത്. 2020-21 ൽ പ്രസ്തുത പ്രവ്യത്തി സ്പിൽ ഓവറായിട്ടുണ്ടെങ്കിലും ചെലവൊന്നും വന്നിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1പ്രകാരം കാരണമില്ലാതെ പ്രവ്യത്തി ഇടയ്ക്ക് ഉപേക്ഷിച്ച് പോകുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാവുന്നതും ആയതിന് തയ്യാറാകാത്ത പക്ഷം ഇ.എം.ഡി/ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക/ റിടെൻഷൻ തുക/ കരാറുകാരന് നൽകാനുള്ള ബിൽ തുക എന്നിവയിൽ നിന്നും ഈടാക്കാവുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.35/29-9-2021 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>5.പാലമൂട് കുടത്തിൽ റോഡ് പ്രവ്യത്തി</u>

ഗ്രാമപഞ്ചായത്തിലെ 2018-19 വാർഷിക പ്രവർത്തിയായ പാലമൂട് കുടത്തിൽ റോഡ് എന്ന പ്രവർത്തി പൂർത്തീകരണത്തിൽ കരാറുകാരനായ ജോജി.ജെ.എസ് ന്റെ കാലതാമസം കണക്കിലെടുത്ത് കരാർ റദ്ദ് ചെയ്യുന്നതിന് തീരുമാനം എടുത്തിരുന്നുവെങ്കിലും അതിനു ശേഷം ടിയാൻ 28.11.19 ന് പ്രവർത്തി യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കാമെന്ന് ആവശ്യപ്പെട്ട് നൽകിയ കത്ത് എ.ഇ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയ്ക്ക് നൽകിയിരുന്നു. പ്രസ്തുത പ്രവ്യത്തിയുടെ കരാർ കാലാവധി 18.03.2019 ൽ അവസാനിച്ചിട്ടും 11-12-19 ലും കരാർ പുതുക്കുന്നതിനോ പ്രവ്യത്തി പൂർത്തീകരിക്കുന്നതിനോ ശ്രമിച്ചിട്ടില്ല. കരാറുകാരൻ 2018-19 സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ച മണ്ണാക്കുടി എസ്.സി കോളനി റോഡ് പുനരുദ്ധാരണം എന്ന പ്രവ്യത്തി പൂർത്തീകരിച്ചുവെങ്കിലും, നാളിതുവരെ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ലാത്തതിനാലും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു. 2018-19 വർഷത്തെ പ്രവ്യത്തി സ്പിൽ ഓവർ പ്രവർത്തി ആയി തുടരുന്നതിനാലും 2020 മാർച്ച് 31 - ന മുൻപ് പൂർത്തീകരിച്ചില്ലെങ്കിൽ ലഭ്യമായ ഫണ്ട് പ്രസ്തുത വർഷവും നഷ്ടപ്പെടുമെന്നുള്ളതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് സമയപരിമിതി അനുവദിക്കാത്തതിനാൽ പ്രസ്തുത പ്രവ്യത്തിയുടെ രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. പ്രജോധനന് കരാർ നൽകി പ്രവ്യത്തി പൂർത്തീകരിക്കുന്നതിന് എൽ.എസ്.ജി.ഡി, എ.ഇ യെ ചുമതലപ്പെടുത്തി 11-12-19 ലെ 1(2) തീരുമാനം ജനറൽ കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജോജി. ജെ.എസ് - ന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രസ്തുത പ്രവ്യത്തി രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. പ്രജോധനന് ഏൽപ്പിച്ച നൽകിയിട്ടുണ്ടോയെന്നും കരാറുകാരന്റെ കുഴപ്പം മൂലം കരാർ അവസാനിപ്പിക്കുകയാണെങ്കിൽ അത് മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.2.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാവുന്നതും ആയതിന് തയ്യാറാകാത്ത പക്ഷം ഇ.എം.ഡി/ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക/ റിടെൻഷൻ തുക/ കരാറുകാരന് നൽകാനുള്ള ബിൽ തുക എന്നിവയിൽ നിന്നും ഈടാക്കാവുന്നതിനാൽ കരാർ ലംഘനം നടത്തിയ ആദ്യ കരാറുകാരനായ ജോജി.ജെ.എസ് ൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (നം.36/29-9-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ചിട്ടുള്ള 5 പ്രവ്യത്തികളും നിർവഹിച്ച കരാറുകാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കരാറുകാർക്കെതിരെ തുക ഈടാക്കുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-34 മരാമത്ത് പ്രവ്യത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന പ്രവ്യത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. കരാറുകാരന്റെ പിഴവ് മൂലം മരാമത്ത് പ്രവ്യത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കുന്ന കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവ്യത്തി ആധികാരികമല്ല. (പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112). അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രവ്യത്തി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതിന് കരാറുകാരൻ അധിക സമയത്തിന് അപേക്ഷ നൽകുകയോ ഭരണസമിതി അധിക സമയം അനുവദിക്കുകയോ ചെയ്തിട്ടുമില്ല.

ത.സ്വ.ഭ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ. സി 2/ 223/15 സർക്കുലർ പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യ 3 മാസത്തേക്ക് 1%, തുടർന്നുള്ള ഓരോ 3 മാസത്തേക്കും 2% നിരക്കിലും പിഴ ഈടാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. താമസിച്ച് പൂർത്തിയാക്കിയ പ്രസ്തുത പ്രവർത്തികളുടെ പേമെന്റ് ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല (ക്രമ നം.5 ൽ മാത്രം 1% പിഴ ഈടാക്കി)

| ക്രമ നം | പ്രോജക്ട് നം. പേര് | കരാറുകാരന്റെ പേര് | പ്രവൃത്തി ഏറ്റെടുത്ത തീയതി | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പി.എ.സി. തുക | പ്രവൃത്തിമൂല്യം | ബിൽ നം/ തീയതി, തുക |
|---|---|---|---|---|---|---|---|---|---|
| 1 | SO 179/20, പഴഞ്ചിറ ഡാമിൽ ഷട്ടർ നിർമാണം | ഡിജു | 19-12-17 | 3 മാസം | 18-3-18 | 8-3-19 | 182836 | 148756 | 10/14-5-19<br>തുക 148756/- |
| 2 | SO 178/20, വയലിൽ ഇടവഴി ഓട നിർമാണം | മനഷ് വാസുദേവൻ | 3-11-17 | 3 മാസം | 2-2-18 | 27-3-19 | 385086 | 322374 | 7/14-5-19<br>തുക 322374/ |
| 3 | SO 222/20, കോണത്തുവിള പാറയടി റോഡ് പുനരുദ്ധാരണം | എസ്. അനിൽകുമാർ | 17-09-18 | 4 മാസം | 16-1-19 | 14-10-19<br>(30-8-19 ൽ ആദ്യഘട്ടം പൂർത്തി യാക്കി) | 468340 | 317966<br>120520 | 1) 25/14-10-19<br>തുക 317966/-<br>2) 37/22-2-20<br>തുക 120520/- |
| 4 | SO 173/20, ഹാർബർ ബീച്ച് റോഡ് പുനരുദ്ധാരണം | എൻ. സുനിൽകുമാർ | 9-8-18 | 4 മാസം | 8-12-18 | 19-1-19 | 193082 | 190650 | 14/76-19<br>തുക 190650/- |
| 5 | SO 220/20, കരിങ്ങണ്ടത്തോപ്പ് കടവ് റോഡ് പുനരുദ്ധാരണം | വി. മോഹനൻ | 9-8-18 | 4മാസം | 8-12-18 | 26-10-19 | 399501 | 305546<br>(3055/-രൂപ മാത്രം പിഴ ഈടാക്കി) | 35/28-12-19<br>തുക 305546/- |
| 6 | SO 172/20 പാലവിള മുക്കാലുവട്ടം റോഡ് പുനരുദ്ധാരണം | എൻ. സുനിൽകുമാർ | 9-8-18 | 4 മാസം | 8-12-18 | 28-2-19 | 208465 | 106078 | 12/7-6-19<br>തുക 106078/- |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.34/28-9-21) നൽകിയെങ്കിലും മറപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി റിവൈസ് ചെയ്യുന്നു

2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

1. വാഴ്വേലിൽ ഇലങ്കം റോഡ് പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്ട് നം. | SO 214/20 |
| വകയിരുത്തൽ | 4,68,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 3,68,958/- (ബിൽ നം.22/27-7-19) |

വെള്ളക്കെട്ടുള്ള 110 മീറ്റർ റോഡ് മണ്ണിട്ട് ഉയർത്തുകയും ബാക്കിയുള്ള 100 മീറ്റർ സെക്ഷനിംഗ് ചെയ്ത് ആകെ 210 മീറ്റർ 60 Mm കനം ഉള്ള ഇന്റർലോക്ക് ടൈൽ പാകുന്നതിനായാണ് ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തി നിർവഹണത്തിനായി ജോയ്.എസ്.ദാസ് എന്ന കരാറുകാരന് 27-11-2017 ൽ സൈറ്റ് കൈമാറുകയും ചെയ്തു. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി 26-2-2018

ൽ പൂർത്തിയാക്കേണ്ടിയിരുന്നതാണ്. എന്നാൽ പ്രസ്തുത റോഡിന്റെ വീതി രണ്ടര മീറ്ററിൽ അധികമായതിനാൽ ഭാരം കയറ്റിയ വാഹനങ്ങൾ കടന്നുപോകുന്നതിന് 80mmകനമുള്ള ടൈൽ പാകേണ്ടതുണ്ട് എന്നതിനാൽ ഏകദേശം ഒരു വർഷം കഴിഞ്ഞ് 1-11-2018 ലെ 111 (14) ലെ ജനറൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുകയാണ് ചെയ്തത്. മേൽ പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നത് 20-4-2019 ൽ മാത്രമാണ്. എസ്റ്റിമേറ്റ് ഒരു വർഷം കഴിഞ്ഞ് പുതുക്കിയതിനാൽ എഗ്രിമെന്റ് കാലവധി കഴിഞ്ഞ് (26-2-2018) പൂർത്തിയാക്കിയ പ്രസ്തുത പ്രവൃത്തി ബില്ലിൽ നിന്നും പിഴയും ഈടാക്കാൻ കഴിഞ്ഞില്ല.

<u>2. ഈഞ്ചക്കൽ തിരുവാംകോടി റോഡ് കോൺക്രീറ്റ്</u>

| | |
|---|---|
| പ്രോജക്റ്റ് നം. | SO 183/20 |
| വകയിരുത്തൽ | 10,82,027/-<br>(വികസനഫണ്ട് - എസ് സി പി) |
| ചെലവ് തുക | 8,11,932/- (ബിൽ നം.22/27-7-19) |

ഈഞ്ചക്കൽ തിരുവാംകോടി കോൺക്രീറ്റ് റോഡിൽ 95 മീറ്റർ ദൂരം സംരക്ഷണഭിത്തി തോടിനുള്ളിലേയ്ക്കിറക്കി കെട്ടി ബീം, സ്ലാബ് എന്നിവ നിർമിച്ച് റോഡ് വീതി കൂട്ടി കോൺക്രീറ്റ് ചെയ്യുന്നതിനാണ് ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രവൃത്തി നിർവഹണത്തിനായി കവിരാജൻ.എസ് എന്ന കരാറുകാരന് 3-10-2017 ൽ സൈറ്റ് കൈമാറിയെങ്കിലും റോഡ് കടന്നുപോകുന്ന ഭാഗത്തെ വസ്തുഉടമയുടെ തർക്കം കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരിക്കുകയും തുടർന്ന് അത് പരിഹരിക്കപ്പെടുകയും ചെയ്തതിനെ തുടർന്ന് 30-1-2018 ലെ ജനറൽ കമ്മിറ്റിയുടെ 1(11) നമ്പർ തീരുമാനം പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം കരാറുകാരനെകൊണ്ട് പണി നടത്തുന്നതിന് തീരുമാനിച്ചെങ്കിലും 31-10-2018 വരെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. തുടർന്ന് പ്രസ്തുത തോടിന്റെ സ്വാഭാവികമായ വീതി നിലനിർത്തുന്നതിനും നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനും പില്ലർ, ബീം എന്നിവ ചെയ്ത് റോഡ് വീതി കൂട്ടി നിർമാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നതിന് 1-11-2018 ൽ കൂടിയ [ 111(23) ലെ തീരുമാനം ] ജനറൽ കമ്മിറ്റി തീരുമാനിക്കുകയാണുണ്ടായത്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 23-2-2020 ൽ മാത്രമാണ്.

ജനറൽ കമ്മിറ്റിയുടെ 12-2-2020 ലെ 1(6), 1(7), 1(8), 1(9), 1(10), 1(11), 1(12) തീരുമാനം പ്രകാരം വേലിക്കകം ഇടവഴി കോൺക്രീറ്റ് (പ്രോജക്റ്റ് നമ്പർ 96/19-20), മഞ്ചാടിമൂട് ഡാമിൽ ഷട്ടർ നിർമ്മാണം (പ്രോജക്റ്റ് നമ്പർ 191/19), മങ്ങാടം പടിഞ്ഞാറേ മങ്ങാടം റോഡ് ഇന്റർലോക്ക് പ്രവൃത്തി (പ്രോജക്റ്റ് നമ്പർ 107/19), വയലിൽ ഇടവഴി ഓടനിർമ്മാണം (പ്രോജക്റ്റ് നമ്പർ 76/19-20), വിവിധ അംഗൻവാടികളുടെ മെയിന്റനൻസും കോമ്പൗണ്ട് വാൾ നിർമ്മാണവും (പ്രോജക്റ്റ് നമ്പർ 78/19-20), പെരുമാതുറ ഗവൺമെന്റ് എൽ.പി.എസ്സിൽ ടോയ്‌ലറ്റ് നിർമ്മാണം (പ്രോജക്റ്റ് നമ്പർ 111/19-20), കിണർ പുനരുദ്ധാരണം വാർഡ് 4 & 8 (പ്രോജക്റ്റ് നമ്പർ 186/19-20) എന്നീ പ്രവർത്തികളുടെ എസ്റ്റിമേറ്റിലെ അളവുകൾ ഫലപ്രദമായ പൂർത്തീകരണത്തിന് അപര്യാപ്തമാണ് എന്ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിരിക്കുന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവർത്തി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി യോഗം ഐകകണ്ഠേന തീരുമാനിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ആവശ്യകത പരിശോധിച്ച് ബോദ്ധ്യപ്പെടാത്തതിനാലാണ് പദ്ധതി റിവൈസ് ചെയ്യേണ്ടി വരുന്നത്. പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിനും ഇത് കാരണമാകുന്നു. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി (നം.40/30-9-21)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## <u>1-36 സ്പിൽ ഓവർ പദ്ധതികൾ - നടപ്പിലാക്കുന്നില്ല</u>

ചുവടെ ചേർക്കുന്ന പദ്ധതികൾ 2019-20ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ 2020-21 ലും നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഓ.(എം.എസ്) 72/2017/ത.സ്വ.ഭ.വ. തീയതി 29-3-2017, പദ്ധതി മാർഗരേഖ ഖണ്ഡിക6.8(2) ൽ സ്പിൽ ഓവറാകുന്ന പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | SO 188/20 | പാലവിള സ്കൂൾ ഇലക്ട്രിഫിക്കേഷൻ | 2,15,000/- (തനതുഫണ്ട്) |
| 2 | SO 206/20 | പോളിച്ച നീക്കുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം പുനർനിർമാണം | 8,00,000/- (തനതുഫണ്ട്) |
| 3 | SO 208/20 | എം.സി.എഫ്. സെന്റർ നിർമാണം | 12,00,000/- (കേന്ദ്രാവിഷ്കൃതഫണ്ട്) |
| 4 | SO 210/20 | സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമാണം | 5,10,311/- (കേന്ദ്രാവിഷ്കൃതഫണ്ട്) |
| 5 | SO223/20 | ലക്ഷ്മിവിള പത്തുവിള റോഡ് പൂർത്തീകരണം | 38,000/- (മെയിന്റനൻസ് റോഡ്) |

പദ്ധതികൾ സ്പിൽ ഓവറായിട്ടും നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 41/30-9-21 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 ആരോഗ്യ ഭവനം പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല – ചെലവ് 3,42,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് പേര്, നം. | ആരോഗ്യ ഭവനം പദ്ധതി - ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - (SO 109/20) |
| വകയിരുത്തൽ | 3,42,000/- ( തനതുഫണ്ട്) |
| ചെലവ് തുക | 3,42,000/- ( ചെക്ക് നം.5001699/5-11-19) |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഗ്രാമപഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്നതാണ് പദ്ധതി. നിശ്ചയിക്കപ്പെട്ട ആരോഗ്യപ്രവർത്തകർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ സന്ദർശിച്ച് ആളുകളുടെ ഷുഗർ, കൊളസ്ട്രോൾ പരിശോധിച്ച് ആവശ്യമായ ഉപദേശം നൽകുകയും രോഗികൾക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. ആയതിലേയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 342,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ചെയ്യേണ്ടതുണ്ട്. എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17-9-2021) തുക പൂർണമായും ചെലവാകാത്തതിനാൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്ന മറുപടി ലഭിച്ചു. വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ 3,42,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 പാലിയേറ്റീവ് പ്രവർത്തനം - പോരായ്മകൾ

2015 ലെ പാലിയേറ്റീവ് മാർഗരേഖയിൽ മാറ്റങ്ങൾ വരുത്തി സ.ഉ(സാധാ)നം.553/2019/തസ്വഭവ തീയതി 07-03-2019 പ്രകാരം പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

1.ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ രോഗിയുടെയും പ്രശ്നങ്ങളും പരിചരണവും ചർച്ച ചെയ്യുന്നതിന് എല്ലാ വാർഡിലും വാർഡ്തല ആരോഗ്യ അവലോകന സമിതി രൂപീകരിച്ചിട്ടില്ല. വാർഡ് തലത്തിൽ കൂടുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു.

**2.**പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. 2019-20 വർഷം 30-4-19, 19-6-19, 26-9-19, 10-3-2020 എന്നീ തീയതികളിലായി 4 തവണയും 2020-21 വർഷത്തിൽ 14-8-20, 15-10-20, 8-3-21 തീയതികളിലായി 3 തവണയും മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

3.പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ തൊഴിൽ പരിശീലനങ്ങളും തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഉൾപ്പെടുത്തിയിട്ടില്ല.

4. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രാദേശിക വിഭവസമാഹരണത്തിന് ത.സ്വ.ഭ സ്ഥാപനം ശ്രദ്ധിക്കേണ്ടതും സംഭാവനയിനത്തിൽ ഫണ്ട് സ്വരൂപിക്കാവുന്നതും ആയതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5.ആശാപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും വോളണ്ടിയർമാർക്കും ആവശ്യമായ ബോധവൽക്കരണം നടത്തുക എന്നത് പ്രോജക്ടിന്റെ ഒരു ലക്ഷ്യമായിരുന്നു. സ.ഉ(സാധാ)നം.553/2019/തസ്വഭവ തീയതി 07-03-2019 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് മാർഗരേഖയിലെ ഖണ്ഡിക 2.4.5 പ്രകാരം ബോധവൽക്കരണം പരിപാടികൾ നടത്തണമെന്നും പറയുന്നുണ്ട്. എന്നാൽ അപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

## 1-39 വ്യക്തിഗത കക്കൂസ് നിർമാണം - പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ - ചെലവ് 1,44,000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് പേര്, നം. | വ്യക്തിഗത കക്കൂസ് നിർമാണം<br>/ ഒ ഡി എഫ് (SO 244/20) |
| വകയിരുത്തൽ | 1,92,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് തുക | 1. 60000 (ചെക്ക് നം.099921/ 21-10-19)<br>2. 24000 (ചെക്ക് നം 099934/01-11-19)<br>3. 24000 (ചെക്ക് നം. 099935/12-11-19)<br>4. 24000 (ചെക്ക് നം.078933/22-2-20)<br>5. 12000 (ചെക്ക് നം. 078970 /23-3-20)<br>(ആകെ ചെലവ് 144000) |

മുൻപ് കക്കൂസ് നിർമാണത്തിന് ധനസഹായം ലഭിക്കാത്ത 16 ബി പി എൽ കുടുംബങ്ങൾക്ക് 12,000/-രൂപ വീതം ആകെ 1,92,000/-രൂപ ശുചിത്വമിഷൻ ഫണ്ട് വകയിരുത്തി ആവിഷ്കരിച്ചതാണ് പ്രോജക്ട്. പ്രസ്തുത പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

1.സ.ഉ. (എം.എസ്.) 11/18/ ത.സ്വ.ഭ.വ, തീയതി 29.01.2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 7.1.സി, സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7 ലെ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം മേൽ പ്രോജക്ട് ഏറ്റെടുക്കുവാൻ കഴിയില്ലായിരുന്നു. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എ.1/72/2019/തസ്വഭവ തിയതി, 23.2.2019 പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിക്കുന്ന കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപണി എന്നിവയുടെ പ്രൊജക്ട്/അപേക്ഷയോടൊപ്പം ഇതിന്റെ ആവശ്യകത മറ്റു വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ് എന്നും ഇതുൾപ്പെടുത്താതെ സമർപ്പിക്കുന്നവ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി ഇല്ലാതെയാണ് പ്രോജക്ട് നടപ്പാക്കിയത്.

2. കക്കൂസ് നിർമാണത്തിനായി ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. എസ്റ്റിമേറ്റ്, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണം നടത്തിയതിന്റെ വിലയിരുത്തൽ/വാല്യൂവേഷൻ എന്നിവയുടെ അഭാവത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

4. ഗുണഭോക്താക്കളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/14-9-2021) ബ്ലോക്ക് പഞ്ചായത്ത് മുഖേന അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് നിർവഹണ ഉദ്യോഗസ്ഥനെ ഏൽപ്പിച്ചുവെന്നും പ്രസ്തുത ലിസ്റ്റ് ഗ്രാമസഭ അംഗീകാരം വാങ്ങിയതാണെന്ന സദുദ്ദേശത്തോടെയും പണി പൂർത്തിയാക്കിയ കക്കൂസുകൾ നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതിനാലും കക്കൂസ് നിർമാണം പൂർത്തിയാക്കി ജിയോടാഗ് ചെയ്യേണ്ടതിനാലുമാണ് ആനുകൂല്യം നൽകിയതെന്ന് മറുപടി നൽകി.

കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി ഇല്ലാതെ മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പദ്ധതി നടപ്പിലാക്കിയതിനാലും ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്തതിനാലും എസ്റ്റിമേറ്റ്, ഉടമസ്ഥാവകാശ സാക്ഷ്യപത്രം, വാല്യൂവേഷൻ എന്നിവയുടെ അഭാവത്തിൽ ആനുകൂല്യം നൽകിയതിനാലും പ്രോജക്ട് നിർവ്വഹണത്തിനായി ചെലവഴിച്ച 1,44,000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 വീട് വാസയോഗ്യമാക്കൽ - കാലപ്പഴക്കം പരിഗണിക്കാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 47/20<br>(വീട് വാസയോഗ്യമാക്കൽ എസ്.സി. പി) |
| വകയിരുത്തൽ | 28,50,000/- (വികസനഫണ്ട് എസ്.സി.പി.) |
| ചെലവ് | 19,50,000/- |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018 ] ഖണ്ഡിക 6.7പ്രകാരം പുതിയ വീട് നിർമ്മിച്ച് 8വർഷമെങ്കിലും കഴിഞ്ഞവർക്കുമാത്രമേ വീട് വാസയോഗ്യമാക്കൽ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ രമണി W/O. രമണൻ, പണിതിട്ട വീട്, പുളുംതുരുത്തി, ചിറയിൻകീഴ് (വാർഡ് 13, വീട് നം. 242 (B)) എന്നയാളിന്റെ 4 വർഷം മാത്രം പഴക്കമുള്ള വീട് വാസയോഗ്യമാക്കിയതിന് 1,50,000/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് 8 വർഷം പഴക്കമുള്ളതായാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധനയിൽ 2015 ഒന്നാം അർദ്ധവർഷത്തിലാണ് പ്രസ്തുത കെട്ടിടത്തിന് നികുതി നിർണയം നടത്തിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സബ്സിഡി അനുവദിക്കുന്നതിനുമുമ്പ് വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച് വി.ഇ.ഒ. വിലയിരുത്തലുകൾ നടത്തിയിട്ടുമില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/13-9-2021) പ്രസ്തുത വീടിന് പുനരുദ്ധാരണം ആവശ്യമെന്ന് കണ്ടതിനാലും വീടിന് 8 വർഷം കാലപ്പഴക്കം ഉണ്ടെന്ന് സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകിയതിനാലുമാണ് ആനുകൂല്യം നൽകിയതെന്ന് വി.ഇ.ഓ. മറുപടി നൽകി. ആനുകൂല്യങ്ങൾ നല്കുമ്പോൾ അർഹത കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-41 തെരുവുനായ്ക്കളുടെ വന്ധ്യംകരണം - രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക 1,05,000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് പേര്, നം. | തെരുവുനായ്ക്കളുടെ വന്ധ്യംകരണം<br>(SO 39/20) |
| വകയിരുത്തൽ | 1,05,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 1,05,000/- (ബിൽ നം. 3/19-10-19) |
| നിർവഹണം | വെറ്റിനറി സർജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2,100/- രൂപ വകയിരുത്തി 1,05,000/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം.31/24-9-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 1,05,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വനിത, ജനറൽ - വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല – തുക 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജന്റെ നിർവഹണത്തിൽ വനിത, ജനറൽ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

**I)വനിത**

| | |
|---|---|
| പ്രോജക്ട് നം. | (SO 41/20) |
| വകയിരുത്തൽ | 5,25,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 3,75,000/- (ബിൽ നം.1/19-10-19) |

**ii)ജനറൽ**

| | |
|---|---|
| പ്രോജക്ട് നം. | (SO 40/20) |
| വകയിരുത്തൽ | 2,50,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 1,25,000/- (ബിൽ നം.2/19-10-19) |

42 വനിതാ ഗുണഭോക്താക്കളുടെ 4 മുതൽ 6 മാസം പ്രായമുള്ള കിടാരികളെ സ്കീമിൽ ഉൾപ്പെടുത്തി തീറ്റ് നൽകുന്നതിന് 12,500/-രൂപ വീതം സബ്സിഡി നൽകുന്നതിന് വനിതാ പ്രോജക്ടും 40 ജനറൽ ഗുണഭോക്താക്കളുടെ 4 മുതൽ 6 മാസം പ്രായമുള്ള കിടാരികളെ സ്കീമിൽ ഉൾപ്പെടുത്തി തീറ്റ് നൽകുന്നതിന് 6,250/-രൂപ വികസനഫണ്ടും 6,250/-രൂപ സംസ്ഥാനാവിഷ്കൃത വിഹിതവും വകയിരുത്തി ജനറൽ പ്രോജക്ടും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വനിതാ പ്രോജക്ടിനായി 3,75,000/-രൂപയും ജനറൽ പ്രോജക്ടിനായി 1,25,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഈടാക്കിയതിൽ 5,73,245/- രൂപ തിരികെ കിട്ടാൻ അവശേഷിക്കുന്നു.

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ പ്ളാൻ ഫണ്ട് മൂന്നാം ഗഡുവിൽ നിന്ന് 5,73,245/- രൂപയും, 2018-19ലെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ഒൻപതാം ഗഡുമുതൽ ഓരോ തവണയും 1,43,311/-രൂപ വീതവും സ.ഉ.(സാ) നം.9858/2018/ധന തീയതി 29-11-18 നം സർക്കാർ ഉത്തരവു പ്രകാരം കുറവു ചെയ്തു മൊത്തം 22,92,980/- രൂപയാണ് ഈ രീതിയിൽ കുറവു ചെയ്തത്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വന്ന തുകയാണ് ഈ രീതിയിൽ ഗ്രാമപഞ്ചായത്തിൽനിന്ന് ഈടാക്കിയത്. താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ് ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയല്ലാത്തതിനാൽ ടി തുക തിരികെ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് 23-7-19ൽ ജനറൽ കമ്മിറ്റി തീരുമാനം(നം10-1) പ്രകാരം സർക്കാരിനു കത്തു നല്കിയതിനെ തുടർന്ന്, 17,19,733/- രൂപ നാളിതു വരെ തിരികെ ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 5,73,245/-രൂപ തിരികെ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് 18/1/20ന് സർക്കാരിനു കത്തു നല്കിയതായി ഓഡിറ്റ് എൻക്വയറിക്ക്(നം37). മറുപടി നൽകിയിട്ടുണ്ട്. ടി തുക തിരികെ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-44 ഒരാൾ ഒരേസമയം ഒന്നിൽ കൂടുതൽ രസീതു ബുക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കണം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ രസീതു ബുക്കിന്റെ സ്റ്റോക്ക് പരിശോധിച്ചതിൽ, ഒരാൾ ഒരേസമയം ഒന്നിൽ കൂടുതൽ രസീതു ബുക്ക് ഉപയോഗിക്കുന്നതായി കണ്ടു. ഇക്കാരണത്താൽ വർഷാവസാനം ഒന്നിൽ കൂടുതൽ രസീതു ബുക്കുകളിലെ ബാക്കി വന്ന പേജുകൾ റദ്ദു ചെയ്യേണ്ടി വന്നിട്ടുണ്ട്. ഇത് കേരള പഞ്ചായത്ത് അക്കൗണ്ട് കോഡ് ചട്ടം 83ന് വിരുദ്ധമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | ഉപയോഗിച്ച വ്യക്തി | ആദ്യ രസീത് തീയതി | അവസാന രസീത് നം, തീയതി | ക്യാൻസൽ ചെയ്ത രസീതുകൾ |
|---|---|---|---|---|---|
| 1 | 51963 | ജി.വിനോദ് | 10/3/20 | 43/24-3-20 | 44മുതൽ100 വരെ |
| 2 | 51949 | ജി.വിനോദ് | 15/1/20 | 63/18-3-20 | 64മുതൽ100 വരെ |
| 3 | 51948 | ജി.വിനോദ് | 9-1-20 | 100/16-3-20 | ഇല്ല. |
| 4 | 51969 | വെറ്ററിനറി സർജൻ | 2/2/21 | 59/16-3-21 | 60മുതൽ100 വരെ |
| 5 | 19835 | വെറ്ററിനറി സർജൻ | 6/2/21 | 65/22-3-21 | 66മുതൽ100 വരെ |
| 6 | 19836 | വെറ്ററിനറി സർജന് | 19/2/21 | 20/16-3-21 | 21c |
| 7 | 51922 | ടി | 18/2/20 | 27/16-3-20 | 28മുതൽ100 വരെ |
| 8 | 51923 | ടി | 17/1/20 | 37/16-3-20 | 38മുതൽ100 വരെ |

വർഷാവസാനം ക്യാമ്പ് കളക്ഷനായി, ഒരാൾക്ക് ഒന്നിൽ കൂടുതൽ രസീതു ബുക്ക് നല്കേണ്ടി വന്നുവെന്ന് ഓഡിറ്റ് എൻക്വയറി നം.30 മറുപടി നല്കിയിട്ടുണ്ട്. എന്നിരുന്നാലും, ഒരു രസീതു ബുക്ക് ഉപയോഗിച്ച ശേഷം മാത്രം അടുത്തത് ഉപയോഗിക്കാൻ

നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 42500 | കേദാരം | 42500 | 0 |
| | | 0 | 300000 | ക്ഷീരസമൃദ്ധി | 300000 | 0 |
| | | | 300000 | ക്ഷീരസമൃദ്ധി വനിത | 300000 | 0 |
| | | 0 | 297375 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 297375 | 0 |
| | | 154700 | 566762 | ലൈഫ് ജനറൽ | 154700 | 566762 |
| | | 672000 | 0 | ലൈഫ്(എസ്.സി.) | 580000 | 92000 |
| | | | 150000 | ലക്ഷം വീട് | 0 | 150000 |
| | | | 640000 | ലൈഫ് | 80000 | 560000 |
| | | 420000 | 0 | ലൈഫ് ഹൗസിംഗ് | 156000 | 264000 |
| **ആകെ** | | **1246700** | **2296637** | | **1910575** | **1632762** |
| ജില്ലാ പഞ്ചായത്ത് | 2019-20 | 6256 | 0 | ലൈഫ് | 6256 | 0 |
| | | 252300 | 0 | ലൈഫ്(എസ്.സി.) | 0 | 252300 |
| | | | | സ്നേഹസ്പർശം | 297375 | |
| | | | | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 50000 | - |
| | | | | ക്ഷീരസമൃദ്ധി - വനിത | 22107 | |
| | | | | ഹരിതഭവനം | 21000 | |
| | | | | ജലശ്രീ | 2160 | |
| | | | | കേദാരം | 42500 | |
| **ആകെ** | | **258556** | **0** | **ആകെ** | **441398** | **252300** |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ | മുൻ | പ്രവൃത്തിയുടെ | മുൻകൂർ | ചെലവഴിച്ച | ബാക്കി | വിനിയോഗ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|

| ഏജൻസി | ബാക്കി | പേര് | നൽകിയ തുക | തുക | തുക | സാക്ഷ്യപത്രം ലഭിച്ചത് | തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കേരള വാട്ടർ അതോറിറ്റി | 777866 | - | -* | - | - | - | 777866 |
| കെ.എസ്.ഇ.ബി | 2627331 | - | -** | - | - | - | 2627331 |

*156/20 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിന്റെ 65080/- രൂപയുടെ ചെലവ്, മുൻകൂർ ചെലവ് ഹെഡിൽ (460500201) ഉൾപ്പെടുത്തിയിട്ടില്ല.

**235/20 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ 54136/- രൂപയുടെ ചെലവ്, മുൻകൂർ ചെലവ് ഹെഡിൽ (460500202) ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മിത്രം ഭവന പദ്ധതി | ജി.ഒ എം.എസ് നമ്പർ.207/209 തീ.07.11.2009 | 14500000 | 0 | 2000000(മുതൽ)+ 1600000(പലിശ) | 12500000 |
| KURDFC | 289/എൽ.എം.സി.എ1- കെ.യു.ആർ.ഡി.എഫ്.സി/2018 തീയതി 04.01.2019 | 5960000 | 1200000 | 750000 | 6410000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 88947282.87 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72367480.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1095942.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | വരവ് തുക | ചെലവ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,923/- | ഡോ. രാജശേഖരൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-25 | 3,019/- | ഡോ. ശിവകുമാർ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-37 | 3,42,000/- | ഡോ.അനോൾഡ് ദീപക്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-39 | 1,44,000/- | ശ്രീ.മനോജ്, വി.ഇ.ഒ. |
| 1-41 | 1,05,000/- | ഡോ.ജയകൃഷ്ണൻ, വെറ്റിനറി സർജൻ |
| 1-42 | 5,00,000/- | ഡോ.ജയകൃഷ്ണൻ, വെറ്റിനറി സർജൻ |
| ആകെ | **10,95,942/-** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രാജശേഖരൻ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി | എം.എസ്. ഭവൻ, പയറ്റുവിള പി.ഒ, ബാലരാമപുരം |
| ഡോ. ശിവകുമാർ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി ചിറയിൻകീഴ് | പുഷ്പകം, പാപ്പനംകോട് പി ഒ, തിരുവനന്തപുരം |
| ഡോ.അനോൾഡ് ദീപക് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ദീപം, തീരുവനന്തപുരം |
| ശ്രീ.മനോജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഹരിമംഗലത്ത് കിഴക്കതിൽ, തഴവ |
| ഡോ.ജയകൃഷ്ണൻ | വെറ്റിനറി സർജൻ | റ്റി.സി 28/885 ,PRA 20, കൈതമുക്ക്, തിരുവനന്തപുരം |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 16 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 11 | |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/2196 /2016, 28.12.2016 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1615/2017, 04.08.2017 | 9 | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/2548/2018, 01.02.2019 | 34 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1034(1)/2019, 30.07.2019 | 22 | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തിരുവനന്തപുരം.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്